# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3971 — 25/06/2014-ൽ മറുപടിക്ക്

## സർക്കാർ ആശുപത്രികളിലെ മരുന്ന് സംഭരണവും വിതരണവും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ<br>" പാലോട് രവി<br>" എം. എ. വാഹിദ്<br>" വി. ഡി. സതീശൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
| --- | --- | --- | --- |
| (എ) | സർക്കാർ ആശുപത്രികളിൽ മരുന്ന് സംഭരണം, വിതരണം എന്നിവ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; വിശദമാക്കുമോ ; | (എ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന ഇൻഡന്റ് പ്രകാരം സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾക്കാവശ്യമായ മരുന്നും അനുബന്ധ ഉപകരണ ങ്ങളും സംഭരിച്ച് വിതരണം നടത്തുന്നത്. 2014-15 സാമ്പത്തിക വർഷത്തേയ്ക്കാവശ്യമായ മരുന്നുകളുടെ വാർഷിക ഇൻഡന്റ് ആരോഗ്യ വിദ്യാഭ്യാസ വകുപ്പിൽ നിന്നും 10.01.2014 നും ആരോഗ്യ വകുപ്പിൽ നിന്നും 18.01.2014 നും കോർപ്പറേഷന് ലഭിക്കുകയു ണ്ടായി. പ്രസ്തുത ഇൻഡന്റ് ക്രോഡീകരിച്ച് ഡയറക്ടർ ബോർഡിന്റെ അനുമതിയോടെ 28.01.2014 ന് ടെണ്ടർ ക്ഷണിച്ചെങ്കിലും വേണ്ടത്ര വിതരണക്കാരെ ലഭിക്കാത്ത കാരണത്താൽ ബോർഡിന്റെ നിർദ്ദേശാനുസരണം 11.03.2014 ന് റീ-ടെണ്ടർ ക്ഷണിച്ച് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ആവശ്യമായ മരുന്നുകൾക്ക് പർച്ചേസ് ഓർഡറുകൾ നൽ കിയിട്ടുണ്ട്.<br>അവശ്യമരുന്നുകളുടെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി ആരോഗ്യ വകുപ്പു സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർത്ത ആശുപത്രി സൂപ്രണ്ടുമാരുടെ യോഗത്തിൽ അത്യാവശ്യമായി വേ 528 ഇനം മരുന്നുകളിൽ 352 ഇനം മരുന്നുകൾ കോർപ്പറേഷൻ വെയർഹൗസുകളിൽ ലഭ്യമാണ്. ശേഷിക്കുന്ന ഭാഗികമായി ലഭ്യമായ 176 ഇനം മരുന്നുകളിൽ അത്യാവശ്യമുള്ളവ ആശുപത്രി തലത്തിൽ തന്നെ അടിയന്തിരമായി വാങ്ങുന്നതിനുള്ള നിർദ്ദേശം 05.06.2014 തീയതിലെ സർക്കാർ ഉത്തരവ് (കൈ) നം.1856/2014/ആ.കു.വ. പ്രകാരം നൽകിയിട്ടുണ്ട്. ഇതിൽ ഓർഡർ നൽകിയതിൽ 48 ഇനം മരുന്നുകൾ ഇതിനകം കോർപ്പറേഷന്റെ വെയർഹൗസുകളിൽ എത്തി വിതരണം തുടങ്ങിയിട്ടുണ്ട്. ഇതിൽ 11 എണ്ണം മേൽപ്പറഞ്ഞ 176 ഇനം മരുന്നുകളുടെ പട്ടികയിലുള്ളതാണ്. ഓർഡർ പ്രകാരം ആദ്യ ഷെഡ്യൂളിൽ സപ്ലൈ ചെയ്യേണ്ട മരുന്നുകൾ സമയബന്ധിതമായി നൽകാമെന്ന് പല കമ്പനികളും ഉറപ്പ് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി സോഫ്റ്റ്‌വെയർ സംവിധാനം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | നിലവിൽ കോർപ്പറേഷനിൽ മരുന്നുകളുടെ വിതരണം സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെയാണ് നിയന്ത്രിക്കുന്നത്. ഇപ്പോൾ ഇത് വെയർഹൗസ് തലം വരെയാണുള്ളത്. ഈ സംവിധാനം എല്ലാ ഇൻസ്റ്റിറ്റ്യൂഷനുകളിലും കൂടി ഉടൻ തന്നെ വ്യാപിപ്പിക്കുന്നതാണ്. |
| (സി) | ഏത് ഏജൻസിയുടെ നേതൃത്വത്തിലാണ് ഇതിന്റെ പ്രവർത്തനം നടപ്പിലാക്കുന്നത് ; വിശദമാക്കുമോ ; | (സി) | കർണ്ണാടക സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ആണ് ഇതിന്റെ പ്രവർത്തനം നടത്തുന്നത്. |
| (ഡി) | പദ്ധതിയ്ക്കായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദമാക്കാമോ ? | (ഡി) | ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ അനുമതിയോടുകൂടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. |

സെക്ഷൻ ഓഫീസർ